**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3775** **27-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ജയ്ഹിന്ദ് മൈതാനത്തിന്റെ നവീകരണത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 18.10.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമമ്പർ 47 ആയി ഉൾപ്പെട്ടിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് ജയ്ഹിന്ദ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി 04.01.2024-ലെ എ3-6935/22/കായുക ഉത്തരവ് പ്രകാരം കായികയുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്നും എന്തൊക്കെ നടപടികളാണ് പൂർത്തികരിക്കാണുള്ളതെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 91.23 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 23.02.2024, 09.03.2024, 27.04.2024, 31.05.2024 എന്നീ തീയതികളിലായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ നാല് ദർഘാസുകളിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ ദർഘാസ് ക്ഷണിച്ച് കരാറുകാരെ ലഭിച്ച ശേഷം പ്രവൃത്തിയുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് | (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | വ്യക്തമാക്കാമോ? | | | 91.23 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 23.02.2024, 09.03.2024, 27.04.2024, 31.05.2024 എന്നീ തീയതികളിലായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ നാല് ദർഘാസുകളിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ ദർഘാസ് ക്ഷണിച്ച് കരാറുകാരെ ലഭിച്ച ശേഷം പ്രവൃത്തിയുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ